A

**612**

## സമഗ്ര ശിക്ഷാ, കേരളം

# വാർഷിക മൂല്യനിർണയം 2019-2020

## മലയാളം
## അടിസ്ഥാനപാഠാവലി

**ക്ലാസ്സ് : 6**

**സമയം : 2 മണിക്കൂർ**

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദ്യനമ്പരിനൊപ്പം എ, ബി എന്നിങ്ങനെ എഴുതണം.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

**വിദ്യ**

വിത്തമെന്തിനു മർത്ത്യനു
വിദ്യ കൈവശമാകുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ?

വിദ്യവിട്ടു നരന്നാമോ
വിശ്വംഭരയിൽ വാഴുവാൻ
ആയുധം കൈയിലില്ലാത്തോ -
നടരാടുന്നതെങ്ങനെ?

പുറം കണ്ണു തുറപ്പിപ്പൂ
പുലർ വേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാ-
നാശാൻ ബാല്യത്തിലെത്തണം

കൊണ്ടു പോകില്ല ചോരൻമാർ
കൊടുക്കുംതോറുമേറിടും
മേൻമ നൽകും മരിച്ചാലും
വിദ്യതന്നെ മഹാധനം

(ദീപാവലി - ഉള്ളൂർ)

വിത്തം-ധനം
അംശുമാൻ-സൂര്യൻ
അടർ-യുദ്ധം
വിശ്വംഭര - ഭൂമി
ആശാൻ - അധ്യാപകൻ
ചോരൻ - കള്ളൻ

മുകളിൽ കൊടുത്ത കവിതാഭാഗം വായിച്ച് ബ്രാക്കറ്റിൽ നിന്നും അനുയോജ്യമായ ഉത്തരം കണ്ടെത്തി എഴുതുക.

1. പുലർവേളയിൽ പുറം കണ്ണ് തുറപ്പിക്കുന്നതാര്?
   (സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ)

2. കൊടുക്കും തോറും വർധിക്കുന്നത് എന്ത്?.
(വിദ്യ, ധനം, ആഹാരം)
3. അകക്കണ്ണ് തുറപ്പിക്കാൻ ആശാൻ എപ്പോൾ എത്തണം?.
(ബാല്യത്തിൽ, യൗവനത്തിൽ, വാർദ്ധക്യത്തിൽ)
4. മർത്ത്യൻ വിദ്യ കൈവശം വയ്ക്കേണ്ടതെങ്ങനെയാവണമെന്നാണ് കവി പറയുന്നത്?
(അടരാടുന്നവന് ആയുധം പോലെ, വെണ്ണയെന്ന പോലെ, ബാല്യത്തിൽ ആശാൻ എന്ന പോലെ)
5. ആശാൻ കുട്ടികളുടെ അകക്കണ്ണ് തുറപ്പിക്കുന്നു എന്നതിന്റെ അർഥമെന്ത്?
(കണ്ണിന് അസുഖമുണ്ടായാൽ ശുശ്രൂഷിക്കുന്നു, ലോകത്തെ മനസ്സിലാക്കാൻ സഹായിക്കുന്നു, കണ്ണിന്റെ ചിത്രം വരയ്ക്കാൻ പഠിപ്പിക്കുന്നു.)

**പ്രവർത്തനം - 2 വിശകലനക്കുറിപ്പ്**

പ്രകൃതിയെ അറിഞ്ഞ് വളരാനുള്ള കുട്ടികളുടെ സ്വാതന്ത്ര്യത്തെ വരച്ചുകാട്ടുന്ന 'ബാലലീല' എന്ന കവിത പഠിച്ചുവല്ലോ.

*തെങ്ങോലപ്പീലിത്തലപ്പുകൾ കൈമാടി-*
*യെന്നെ വിളിച്ചോതി.*
*"പച്ചോലപ്പന്ത് മെടയുവാനെന്നെ നീ*
*ചീന്തിയെടുത്തോളൂ."*
*പപ്പായത്തണ്ട് തലയാട്ടിയെന്നോ-*
*ടെന്തു പറഞ്ഞെന്നോ?*
*"കൊമ്പു കുഴലൂതി തുള്ളിക്കളിക്കുവാ-*
*നെന്നെ മുറിച്ചോളൂ."*

*(ജിനൻ)*

ചുറ്റുപാടുകളിൽ നിന്ന് കിട്ടുന്നവ കൊണ്ട് കുട്ടികൾ കളിക്കുന്നത് പ്രകൃതിയെ അറിയാനുള്ള കുട്ടികളുടെ മനസ്സിനെയും സ്വാതന്ത്ര്യബോധത്തെയുമാണ് സൂചിപ്പിക്കുന്നത്. ഇന്നത്തെ തലമുറയ്ക്ക് ഇത്തരം സ്വാതന്ത്ര്യം നഷ്ടമാകുന്നുണ്ടോ? മുകളിൽ നൽകിയ കവിത കൂടി പരിഗണിച്ച് വിശകലനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം - 3 പ്രസംഗം**

കർക്കടക്കോട തണുപ്പുറഞ്ഞ
കല്ലുമലകളറഞ്ഞ കുഞ്ഞൻ
കാടുകൾ വെട്ടിത്തെളിച്ചു വിത്തും
വെട്ടവും വാരി വിതച്ച കുഞ്ഞൻ

(കുഞ്ഞൻ - കടമ്മനിട്ട)

കാക്കരോ കുക്കരോ കരിയാത്തേ
തായേലെക്കണ്ടം കൊയ്യണ്ടെ ?
എന്തിനുവേണ്ടി കൊയ്യുന്നു ?
വിത്തിനുവേണ്ടി കൊയ്യുന്നു. (നാടൻപാട്ട്)

സാധാരണ മനുഷ്യരുടെ മണ്ണിലെ അധ്വാനമാണ് എല്ലാ പുരോഗതിയുടെയും അടിസ്ഥാനം. തന്നിരിക്കുന്ന കവിതയിലും നാടൻപാട്ടിലുമുള്ള ആശയം കൃഷിയുമായി ബന്ധപ്പെട്ടതാണല്ലോ.

ഇവ ഉൾപ്പെടുത്തി "മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം" എന്ന വിഷയത്തെക്കുറിച്ച് പ്രസംഗം തയാറാക്കുക.

**പ്രവർത്തനം - 4 സംഭാഷണം**

'തേങ്ങ' എന്ന കഥയിലെ അക്കമ്മ, സംഗീത, വീട്ടമ്മ എന്നീ കഥാപാത്രങ്ങളെക്കാൾ വായനക്കാരനിൽ വികാരമായി മാറുന്നത് വീട്ടമ്മയുടെ അച്ഛനാണ്. അച്ഛൻ ഇന്നുണ്ടായിരുന്നെങ്കിൽ പറമ്പിൽ ചിതറിക്കിടന്ന തേങ്ങകൾ മുഴുവൻ പെറുക്കി തേങ്ങാപ്പുരയിലിട്ട അക്കമ്മയെ നന്നായി ഇഷ്ടപ്പെടുമായിരുന്നു.

അക്കമ്മയോട് അച്ഛനിങ്ങനെ പറഞ്ഞേക്കാം " മോളേ, നീ ചെയ്തത് നല്ല പ്രവൃത്തിയാണ്". തുടർന്ന് അവർ തമ്മിൽ നടക്കാനിടയുള്ള സംഭാഷണം എഴുതുക.

**പ്രവർത്തനം - 5 അഭിപ്രായക്കുറിപ്പ്**

ഓണം ഒരു വലിയ ആഘോഷമായിരുന്നു. ആഘോഷം മാത്രമാണോ? ഇന്ന് അതൊരു ഒഴിവുകാലമാണെന്നു തോന്നും. ഇന്ന് ഉപ്പേരിക്കും ശർക്കരപുരട്ടിക്കും സ്വാദില്ല. അവിയലും എരിശ്ശേരിയും എന്നും കഴിക്കുന്ന കറികളാണ്.


(ഓണം, അന്നും ഇന്നും - തകഴി)

പൂക്കൾ വിളിച്ചില്ല
പാടം വിളിച്ചില്ല
ഊഞ്ഞാലുമില്ല
കിളിത്തട്ടുമില്ല
ഇലയിട്ട് മധുരം വിളമ്പിയില്ല
എങ്കിലും
ഓർമ്മയിലെ ഓണം വിളിക്കുന്നു.
പിന്നെയും
ഓർമ്മയ്ക്ക് പേരാണിതോണം

(ഓണം - മുരുകൻ കാട്ടാക്കട)

ഓണത്തെക്കുറിച്ചുള്ള രണ്ടു കാഴ്ചപ്പാടുകളാണ് ഇവിടെ വ്യക്തമാക്കുന്നത്. ഈ ആശയങ്ങളോടുള്ള നിങ്ങളുടെ അഭിപ്രായം കുറിപ്പായെഴുതുക.

## പ്രവർത്തനം – 6 വാങ്മയചിത്രം



ഗ്രാമത്തിലെത്തിയ ഗോവർധൻ ബഹളത്തിനിടയിൽ നദീതീരത്തെത്തി. അവിടെ കണ്ട കാഴ്ചകൾ അയാളിൽ വല്ലാത്ത കൗതുകമുണർത്തി. നദി, ചന്ത, വഞ്ചികൾ, ജനങ്ങൾ എന്നിവയെല്ലാം ഒരു വാങ്മയചിത്രമാക്കി അയാളെഴുതി.

തന്നിരിക്കുന്ന ചിത്രം പരിഗണിച്ച് നിങ്ങൾ ഒരു വാങ്മയചിത്രം തയാറാക്കുക.